# Desabhimani
# 28 August 2018
# Navakerelam Mission

## നവകേരളം പടുത്തുയർത്താൻ കൈകോർക്കാം

കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തെ ഒരു മനസ്സോടെയാണ് കേരളം നേരിട്ടത്. സർക്കാർ സംവിധാനങ്ങളോടൊപ്പം പൊതുജനങ്ങളും കൈകോർത്തു. റസിഡൻസ് അസോസിയേഷനുകളും മറ്റുള്ള സന്നദ്ധ സംഘടനകളും എണ്ണയിട്ട യന്ത്രംപോലെ രാപകൽ പ്രവർത്തിച്ചതിന്റെ ഫലമായാണ് ദുരന്തത്തിന്റെ തീവ്രത ഒരു പരിധിവരെ കുറയ്ക്കാനായത്. പ്രളയാനന്തരം ദുരിതത്തിലകപ്പെട്ടവരെ സഹായിക്കുന്നതിനായി രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമായി ഒട്ടേറെ സുമനസ്സുകൾ മുന്നോട്ടുവരുന്ന ഒരു സന്ദർഭമാണിത്. നിർണായകമായ ഈ അവസരത്തിൽ അവരെയൊക്കെ നിരുത്സാഹപ്പെടുത്തുന്ന രീതിയിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളുമായി ചിലർ രംഗത്തുണ്ട്. ഇത് തികച്ചും ദൗർഭാഗ്യകരമാണ്. ഇപ്പോൾ നടക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളെ തകിടം മറിക്കുകയാണ് ഇക്കൂട്ടരുടെ ലക്ഷ്യം. ഈ കുതന്ത്രം കേരള ജനത തിരിച്ചറിയുകതന്നെ ചെയ്യും. ത്യാഗോജ്വലമായ പ്രവർത്തനത്തിലൂടെ ആയിരക്കണക്കിന് മനുഷ്യരുടെ ജീവൻ രക്ഷിച്ച കടലിന്റെ മക്കളെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. നവകേരളം പടുത്തുയർത്താനായി നമുക്കേവർക്കും കൈകോർക്കാം.

അഡ്വ. സി സുധാകരക്കുറുപ്പ്
മണ്ണന്തല